(ബി) പ്രവൃത്തികളിലെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ?

ഉത്തരം

(എ) ടെണ്ടർ സംബന്ധിച്ച സുതാര്യത ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള ടെണ്ടർ സമ്പ്രദായത്തിന് ഭേദഗതികൾ നിശ്ചയിച്ചുകൊണ്ട് 2-8-2010-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. * ഇത് കൂടാതെ പ്രവൃത്തികൾ നടക്കുന്ന സൈറ്റിൽ പ്രവൃത്തിയുടെ വിശദാംശങ്ങൾ ബോർഡിൽ പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനപരാതികൾ സ്വീകരിക്കാനും പരിഹാരത്തിനുമായി ടോൾഫ്രീ കാൾ സെന്ററും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ദേശീയപാതാ വിഭാഗത്തിൽ ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലായി ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകളും റോഡ് വിഭാഗത്തിൽ ആറ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ക്വാളിറ്റി കൺട്രോൾ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ വിഭാഗം കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിനായി എല്ലാ ജില്ലകളിലും ഓരോ സബ്ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഡ്രെയിനേജുകൾ സംരക്ഷിക്കാൻ നടപടി

124 (2224) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ റോഡുകളിലെ ഡ്രെയിനേജുകൾ നികത്തുകയോ കേടുപാടുകൾ വരുത്തുകയോ ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിന് അധികാരമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് നിയമം, ചട്ടം അനുസരിച്ചാണെന്നും ആയതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് നിയമ വ്യവസ്ഥയുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) ഡ്രെയിനേജിന്റെ സംരക്ഷണം മുൻനിർത്തി സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഉത്തരവ് ഇറക്കുന്നതിനും ഡ്രെയിനേജ് സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരമുണ്ട്. തങ്ങളിൽ നിക്ഷിപ്തമായ ചുമതലയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ വകുപ്പ് തലത്തിൽ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിനും പബ്ലിക് ഇൻഫർമേഷൻ സെൽ മുഖേന ആക്ഷേപങ്ങൾ സ്വീകരിച്ച് അവ പരിശോധിച്ചശേഷം നടപടിയെടുക്കുന്നതിനും ഉന്നത ഉദ്യോഗസ്ഥർക്കും സർക്കാരിനും അധികാരമുണ്ട്.

(സി&ഡി) ഡ്രെയിനേജ് സംരക്ഷണം, നിലവിലുള്ള പൊതുരേഖാമത്ത് വകുപ്പ് മാന്വലിലും കോഡിലും ഉൾപ്പെട്ടിട്ടുണ്ട്.

ഫുട്പാത്ത് നിർമ്മാണം

125 (2229) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കാൽനടക്കാരുടെ സൗകര്യം ഉറപ്പാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു ;

(സി) ഫുട്പാത്തുകൾ നിർമ്മിക്കുന്നതോടൊപ്പം റോഡിനോട് ചേർന്നുള്ള ഓടകളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനും പ്രത്യേക പരിഗണന നൽകുമോ ;

(ഡി) ഫുട്പാത്തുകൾ കയ്യേറി കച്ചവടസ്ഥാപനങ്ങളും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാൽനടയാത്രക്കാരുടെ സൗകര്യം ഉറപ്പുവരുത്തുന്നതിന് എല്ലാ സംസ്ഥാന പാതകളിലെയും മേജർ ജില്ലാ റോഡുകളിലും തിരക്കേറിയ ജംഗ്ഷനുകളിലും മറ്റും ഫുട്പാത്തുകൾ നിലവിൽ നിർമ്മിച്ചിട്ടുണ്ട്. പുതിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഫുഡ്പാത്തുകൾ കൂടി നിർമ്മിക്കുന്ന തരത്തിലാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) നടപ്പാതകൾക്ക് മാത്രമായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ലാത്തതിനാൽ ചെലവ് കണക്കാക്കിയിട്ടില്ല.

(സി) നൽകുന്നുണ്ട്.

(ഡി) ഇപ്പോൾ തന്നെ കർശന നടപടി എടുക്കുന്നുണ്ട്.